# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

സംഗ്രഹം

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത, പെൻഷൻകാരുടെ ക്ഷാമാശ്വാസം പരിഷ്ക്കരിച്ചത് - തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ROC No. 11900/11/Est-1 നന്തൻകോട്, 28/11/2024

---

പരാമർശം :- (1) G.O(P) 91/2024/Fin dated 26-10-2024 നമ്പർ സർക്കാർ ഉത്തരവ്.
(2) 26-10-2024 ൽ തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് കോൺഫെഡറേഷൻ സമർപ്പിച്ച നിവേദനം.
(3) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 01-11-2024 ലെ DA 219/24/E-1 നമ്പർ റിമാർക്സ്.

## ഉത്തരവ്

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ക്ഷാമബത്തയും പെൻഷൻകാരുടെ ക്ഷാമാശ്വാസവും 9 ശതമാനത്തിൽ നിന്നും 12 ശതമാനമായി വർദ്ധിപ്പിച്ച് ഉത്തരവായി (പരാമർശം - 1).

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അനുവദിച്ചിട്ടുള്ള ഒരു ഗഡു ക്ഷാമബത്തയും ഒരു ഗഡു ക്ഷാമാശ്വാസവും തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാർക്കും പെൻഷൻകാർക്കും സർക്കാർ ക്രമം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് അംഗീകൃത സംഘടനയായ തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് കോൺഫെഡറേഷന്റെ നിവേദനം ലഭിച്ചു (പരാമർശം -2).

തുടർന്ന് പ്രസ്തുത ആനുകൂല്യം തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്കും പെൻഷൻകാർക്കും അനുവദിക്കുന്നത് സംബന്ധിച്ച് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ അഭിപ്രായം ലഭ്യമാക്കി (പരാമർശം -3).

ആയത് പരിശോധിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ബോർഡുത്തരവാകുന്നു.

- തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ക്ഷമബത്തയും പെൻഷൻകാരുടെ ക്ഷാമാശ്വാസവും 12 ശതമാനമായി വർദ്ധിപ്പിച്ച് അനുവദിക്കുന്നു.

(മറുപുറം)

- കരാർ ഉൾപ്പെടെയുള്ള എല്ലാ വിഭാഗം ജീവനക്കാർക്കും ക്ഷാമബത്ത വർദ്ധനവിന് അർഹതയുണ്ടായിരിക്കുന്നതാണ്.
- ജീവനക്കാർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള ക്ഷാമബത്ത 2024 ഒക്ടോബർ മാസം മുതലും പെൻഷൻകാർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള ക്ഷാമാശ്വാസം 2024 നവംബർ മാസം മുതലും നൽകുന്നതിന് അനുവദിക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഐ.റ്റി. ഡിവിഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK